**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1956** **29-09-2025 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് വെസ്റ്റ്ഹിൽ പുനർഗേഹം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് വെസ്റ്റ്ഹിൽ പുനർഗേഹം പദ്ധതി പ്രകാരം നിർമ്മിക്കുന്ന ഭവന സമുച്ചയത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; | (എ) | കോഴിക്കോട് ജില്ലയിലെ ഫിഷറീസ് ക്വാർട്ടേഴ്സ് (വെസ്റ്റ് ഹിൽ, ചുങ്കം) സ്ഥിതി ചെയ്യുന്ന ഭൂമിയിൽ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കായി 80 വ്യക്തിഗത ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിന് 8 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. DSR 2018 നിലവിൽ വന്നതിനെ തുടർന്ന് ഭരണാനുമതി 13.54 കോടി രൂപയായി പരിഷ്കരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.<br><br>അഞ്ച് നിലകളുള്ള (G+4) രണ്ടു ബ്ലോക്കുകളിലും കൂടി 80 വ്യക്തിഗത ഫ്ലാറ്റുകൾ ആണ് ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്. പദ്ധതിയിലെ Electrification Work-ന് ഭരണാനുമതിയിൽ ഉൾപ്പെട്ട തുകയേക്കാൾ തുക അധികരിച്ച വരുന്നതിനാൽ സിവിൽ പ്രവൃത്തിയിലെ Tender Savings ഉപയോഗിച്ച് Electrification Work നടപ്പിലാക്കുന്നതിനും 12% GST ൽ നിന്നും നിലവിൽ 18% GST ആയതുമൂലവും 14.27 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിരുന്നു.<br><br>കോഴിക്കോട് ജില്ലയിലെ വെസ്റ്റ് ഹില്ലിൽ ഫിഷറീസ് വകുപ്പ് നിർമ്മിക്കുന്ന80 വ്യക്തിഗത ഫ്ലാറ്റുകളുടെ നിർമ്മാണ ചുമതല കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനാണ്. നിർമ്മാണത്തിന്റെ ഭാഗമായി സിവിൽ പ്രവൃത്തികൾക്കായി 1124.20ലക്ഷം രൂപയുടെ സാങ്കേതികാനുമതി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ നൽകി കരാറിൽ ഏർപ്പെട്ട് ഒരു ബ്ലോക്കിന്റെ Structural പ്രവൃത്തി പൂർത്തീകരിക്കുകയും മറ്റേ ബ്ലോക്കിന്റെ Pile Cap വരെയുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>പുനർഗേഹം പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിന് ബഹു.മത്സ്യബന്ധന വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 05.02.2025 ന് ചേർന്ന യോഗത്തിൽ മതിയായ ഗുണഭോക്താക്കളുടെ അഭാവത്തിൽ കോഴിക്കോട് ജില്ലയിലെ വെസ്റ്റ് ഹില്ലിൽ രണ്ടാമത്തെ ബ്ലോക്ക് നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലം വകുപ്പിന്റെ മറ്റു പദ്ധതികൾക്കോ, ഗസ്റ്റ് ഹൗസ് /സ്റ്റാഫ് ക്വാർട്ടേഴ്സ് എന്നിവ നിർമ്മിക്കുന്നതിനോ പ്രയോജനപ്പെടുത്തുന്ന കാര്യം ഫിഷറീസ് ഡയറക്ടർ പരിശോധിക്കേണ്ടതാതാണെന്ന് തീരുമാനമെടുത്തിരുന്നു.<br><br>മേൽ സാഹചര്യത്തിൽ മതിയായ ഗുണഭോക്താക്കളുടെ അഭാവത്തിൽ പദ്ധതി പുനക്രമീകരിക്കുന്നതിനും നിർമ്മാണം പുരോഗമിക്കുന്ന ബ്ലോക്ക് മാത്രം ഇപ്പോൾ പൂർത്തീകരിക്കുന്നതിനും രണ്ടാമത്തെ ബ്ലോക്ക് നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലം നിലവിലുണ്ടായിരുന്ന സ്റ്റാഫ് ക്വാർട്ടേഴ്സുകൾ പൊളിച്ചു മാറ്റിയ സ്ഥലം എന്ന നിലയിൽ വകുപ്പിന്റെ മറ്റു പദ്ധതികൾക്കോ, ഗസ്റ്റ് ഹൗസ്/സ്റ്റാഫ് ക്വാർട്ടേഴ്സ് എന്നിവ നിർമ്മിക്കുന്നതിനോ മറ്റു പൊതു ആവശ്യങ്ങൾക്ക് ഉപയുക്തമാക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചു വരുന്നു.<br><br>ആദ്യഘട്ടമായി ഒരു ബ്ലോക്കിലെ 24 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി 24 ഫ്ലാറ്റുകൾ പൂർത്തീകരിക്കുന്നതിനുള്ള പ്രവൃത്തികൾ പുരോഗമിച്ചു വരികയാണ്. വൈദ്യുതീകരണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു കഴിഞ്ഞു. |
| (ബി) | സംസ്ഥാനത്ത് പുനർഗേഹം പദ്ധതി പ്രകാരം എത്ര | (ബി) | 2018 വർഷം ഫിഷറീസ് വകുപ്പ് നടത്തിയ വിശദമായ സർവ്വേ പ്രകാരം തീരദേശ വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്ന 18685 കുടുംബങ്ങളെ സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണ് പുനർഗേഹം. കൂടാതെ ഫിഷറീസ് |

| | ഭവനങ്ങൾ നിർമ്മിക്കുന്നതിനാണ് പദ്ധതി തയ്യാറാക്കിയത്; വ്യക്തമാക്കുമോ; | | വകുപ്പ്നടപ്പിലാക്കി വന്നിരുന്ന പുനരധിവാസ പദ്ധതികളെ ഇതിൽ ഉൾപ്പെടുത്തി പ്രസ്തുത പദ്ധതി പ്രകാരമുള്ള 1798 മത്സ്യത്തൊഴിലാളികൾക്കുള്ള ധനസഹായവും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഫിഷറീസ് വകുപ്പ് നടപ്പിലാക്കി വന്ന 772 കുടുംബങ്ങൾക്കുള്ള ഫ്ലാറ്റ് നിർമ്മാണവും പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കുവാനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. 2450 കോടി രൂപ അടങ്കൽ തുകയുള്ള പദ്ധതിയ്ക്ക് 2019-20 സാമ്പത്തിക വർഷം സർക്കാർ ഭരണാനുമതി നല്കിയിരുന്നു. |
|---|---|---|---|
| (സി) | ഇവയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ? | (സി) | **<u>ഭൗതിക പുരോഗതി</u>** |

**<u>ഭൗതിക പുരോഗതി</u>**

പദ്ധതി പ്രകാരം 9108 കുടുംബങ്ങളാണ് നിലവിൽ മാറി താമസിക്കുവാൻ സന്നദ്ധരായിട്ടുള്ളത്. ഇതിൽ 4442 കുടുംബങ്ങൾ ഭൂമി കണ്ടെത്തി ജില്ലാതല കമ്മിറ്റിയുടെ അംഗീകാരം നേടുകയും ആയതിൽ 3892 ഗുണഭോക്താക്കൾ കണ്ടെത്തിയ ഭൂമിയുടെ രജിസ്ട്രേഷൻ പൂർത്തീകരിക്കുകയും 2584 കുടുംബങ്ങൾ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 1308 ഭവനങ്ങൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്. മാറിതാമസിക്കാൻ സന്നദ്ധരായവരിൽ അനുയോജ്യമായ ഭൂമി കണ്ടെത്താൻ കഴിയാത്തവർ ഭൂമി കണ്ടെത്തി റിപ്പോർട്ട് ചെയ്യപ്പെടുന്ന മുറയ്ക്ക് ജില്ലാതല സമിതി കൂടി തുടർനടപടി സ്വീകരിച്ചു വരികയാണ്. കൂടാതെ സർക്കാർ/സ്വകാര്യ ഭൂമി ഏറ്റെടുത്ത് ഫ്ലാറ്റുകൾ നിർമ്മിച്ചും പുനരധിവാസം നടപ്പിലാക്കി വരുന്നു.

തിരുവനന്തപുരം ജില്ലയിൽ കാരോട് (128), ബീമാപള്ളി (20), മുട്ടത്തറ (332), കൊല്ലം ജില്ലയിൽ QSS കോളനി (114), മലപ്പുറം ജില്ലയിൽ പൊന്നാനി (128), ഉണ്ണ്യാൽ (16) എന്നീ കെട്ടിട സമുച്ചയങ്ങൾ നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്.

ഇപ്രകാരം 3322 കുടുംബങ്ങൾ പൂർണ്ണമായും പുനരധിവസിപ്പിക്കപ്പെട്ടു.

**<u>ഫ്ലാറ്റ് നിർമ്മാണ പുരോഗതി</u>**

പുനർഗേഹം പദ്ധതി ഗുണ ഭോക്താക്കൾക്കായി ആലപ്പുഴ ജില്ലയിലെ മണ്ണുംപുറത്ത് 204 ഫ്ലാറ്റുകൾ, തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറ (68), മലപ്പുറം ജില്ലയിലെ പൊന്നാനി ഫേസ് II (100), കോഴിക്കോട് ജില്ലയിൽ വെസ്റ്റ്ഹിൽ (80), കാസർഗോഡ് ജില്ലയിൽ കോയിപ്പാടി (144) എന്നിവിടങ്ങളിലായി 596 ഫ്ലാറ്റുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. കടകംപള്ളിയിൽ ഭരണാനുമതി നൽകിയ 168 ഫ്ലാറ്റുകളുടെയും വലിയതുറ സെന്റ് ആന്റണീസിൽ ഭരണാനുമതി നൽകിയ 24 ഫ്ലാറ്റുകളുടെയും നിർമ്മാണം പ്രാരംഭ ഘട്ടത്തിലാണ്. ഇപ്രകാരം പദ്ധതി പ്രകാരമുള്ള 788 ഫ്ലാറ്റുകൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്.

| ഭവന സമുച്ചയം | ജില്ല | എണ്ണം | ഭരണാനുമതി തുക (തുക കോടിയിൽ) |
|---|---|---|---|
| മണ്ണുംപുറം | ആലപ്പുഴ | 204 | 25.03 |
| മുട്ടത്തറ | തിരുവനന്തപുരം | 68 (81 കോടി രൂപയുടെ ഭരണാനുമതി പ്രകാരം പൂർത്തീകരിക്കാൻ ബാക്കിയുള്ളവ) | 81 |
| വെസ്റ്റ് ഹിൽ | കോഴിക്കോട് | 80 | 14.27 |
| പൊന്നാനി | മലപ്പുറം | 100 | 14.33 |
| കോയിപ്പാടി | കാസർഗോഡ് | 144 | 23.20 |
| കടകംപള്ളി | തിരുവനന്തപുരം | 168 | 37.62 |
| സെന്റ് ആന്റണീസ്, | തിരുവനന്തപുരം | 24 | 5.74 |

| | | | |
|---|---|---|---|
| വലിയതുറ | | | |
| **ആകെ** | | **788** | **201.19** |

തിരുവനന്തപുരം ജില്ലയിൽ മുട്ടത്തറ (96), കാരോട് (24) എന്നിവിടങ്ങളിലായി 120 ഫ്ലാറ്റുകളുടെ പ്രൊപ്പോസലുകൾ സർക്കാർ പരിഗണനയിലാണ്.

പുനരധിവാസ നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി വിവിധ ജില്ലകളിലായി പദ്ധതിയ്ക്കായി 76.92 ഏക്കർ ഭൂമി കണ്ടെത്തി ഫിഷറീസ് വകുപ്പിന് ലഭ്യമാക്കുന്ന നടപടികൾ ജില്ലാകളക്ടർ/ലാന്റ് & റവന്യൂ കമ്മീഷണർ, ബന്ധപ്പെട്ട വകുപ്പുകൾ എന്നിവിടങ്ങളിലുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചു വരുന്നു.

**<u>സാമ്പത്തിക പുരോഗതി</u>**

പദ്ധതിക്കായി അനുവദിച്ചതും ചെലവഴിച്ചതുമായ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | അനുവദിച്ച തുക | ആകെ അനുവദിച്ച തുക | ചെലവഴിച്ച തുക |
|---|---|---|---|
| 2019-20 | 2000000000 | 2500000000 | 2500000000 |
| 2020-21 | 0 | | |
| 2021-22 | 500000000 | | |

ബഡ്ജറ്റ് വിഹിതം

| വർഷം | അനുവദിച്ച തുക | ചെലഴിച്ച തുക |
|---|---|---|
| 2022-23 | 837500000 | 837262752 |
| 2023-24 | 300000000 | 299797493 |
| 2024-25 | 696600000 | 696592750 |
| 2025-26 | 600000000 | 161367335 |
| ആകെ | 2434100000 | 1995020330 |

പദ്ധതി പ്രവർത്തനത്തിനായി ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 250 കോടി രൂപയും സംസ്ഥാന വിഹിതത്തിൽ നിന്നും 243.41 കോടി രൂപയും ഉൾപ്പെടെ 493.41 കോടി രൂപ ഇതുവരെ അനുവദിക്കുകയും 449.50 കോടി രൂപ ഇതുവരെ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഈ വർഷത്തെ ബാക്കി തുക ചെലവഴിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ